

TUESDAY 21-06-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/06/2022.

1. പി.എം കിസാൻ പദ്ധതി ഗുണഭോക്താക്കളായിട്ടുള്ള കർഷകർ അവരുടെ ഭൂമി സംബന്ധമായ വിവരങ്ങൾ AIMS പോർട്ടലിൽ വ്യക്തിഗതമായി ചേർക്കേണ്ടതാണ്. കർഷകർ വസ്തുവിന്റെ കരം അടച്ച രസീത്, ആധാറിന്റെ കോപ്പി, മൊബൈൽ ഫോൺ എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, ജനസേവനകേന്ദ്രങ്ങൾ എന്നിവ മുഖേന ഭൂമി സംബന്ധമായ വിവരങ്ങൾ ഈ മാസം 30-നകമാണ് (ജൂൺ 30) ചേർക്കേണ്ടത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുന്നതിന് ഇത് അനിവാര്യമാണെന്ന് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള 45 ദിവസം പ്രായമുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് ലഭ്യമാണ്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ **9400483754** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പന ക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുത്പാദനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃപിതൃ ശേഖരത്തിൽപ്പെട്ട കോഴികൾ സ്റ്റോക്ക് തീരുന്നതുവരെ ദിവസവും രാവിലെ 9 മണി മുതൽ 4 മണി വരെ വിൽപ്പനയ്ക്ക് ലഭ്യമാണെന്ന് മാനേജിംഗ് ഡയറക്ടർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2478585, 9495000914** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. വിഷരഹിത കൃഷിയിലൂടെ ഉല്പാദന ക്ഷമത വർദ്ധിപ്പിച്ച് നാടിന്റെ വികസനോന്മുഖമായ വളർച്ചക്ക് കാർഷിക, സാംസ്കാരിക കൂട്ടായ്മകളുടെ ഭാഗമാകുകയും, കലയിലൂടെയും സാംസ്കാരിക പ്രവർത്തനങ്ങളിലൂടെയും ബോധവത്കരണ പ്രവർത്തനങ്ങളുമായി സാമൂഹ്യ വ്യവസ്ഥയോടു ചേർന്ന് നിൽക്കുമ്പോഴും കർഷകക്കൂട്ടായ്മകളും, ജൈവകലകളും, നാട്ടു കലാകാരൻമാരും യുവജന കൂട്ടായ്മകളും, പുരോഗമന പ്രസ്ഥാനങ്ങളും കുട്ടികളും സ്ത്രീ കൂട്ടായ്മകളും എല്ലാവരും ചേർന്ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
## FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാർഷിക സംസ്കൃതിയുടെ വിത്ത് വിതയ്ക്കാൻ വീട്ടുമുറ്റങ്ങളിൽ നിന്നും വീട്ടുമുറ്റങ്ങളിലേക്ക് സർഗ സംവേദനം നടത്തേണ്ട കാലത്തിന്റെ അനിവാര്യത തിരിച്ചറിഞ്ഞ് രൂപപ്പെടുത്തിയ കാർഷിക സാംസ്കാരിക വിനിമയ സഞ്ചാരമാണ് **'കൃഷിഗാഥ'**. അണ്ണാരക്കണ്ണനും തന്നാലായത് എന്ന അർത്ഥവത്തായ പഴഞ്ചൊല്ലിൽ പതിരില്ലാതെ എല്ലാ കുടുംബങ്ങളും വീട്ടുവളപ്പിലെ വിഷരഹിത കൃഷിയിലൂടെ ഭക്ഷ്യ സ്വാശ്രയത്വം നേടുന്ന സംസ്ഥാനമായി കേരളം മാറുവാൻ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഈ നവീന കാർഷിക സാംസ്കാരിക വിനിമയ പദ്ധതി സമർപ്പിക്കുന്നു.ചേർത്തല തെക്ക് പഞ്ചായത്തിലെ ഒരോ കുടുബവും പങ്കാളികളായിക്കൊണ്ട് ഭക്ഷ്യ സ്വാശ്രയത്വത്തിനു വേണ്ടി വിഷരഹിത കാർഷികതക്കായി ജൈവ കലയുടെ സംഗമത്തിന് ഒഴുകിയെത്തി. കേരളത്തിലെ കാർഷിക കലകൾക്കൊപ്പം ഓർഗാനിക് തീയേറ്ററിന്റെ ആരംഭം കുറിച്ചപ്പോൾ മണ്ണറിയുന്ന, കൃഷിയുടെ മനസറിയുന്ന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ് കർഷകരോടൊപ്പം ഓർഗാനിക് തീയേറ്ററിന്റെ പ്രധാന കഥാപാത്രമായി മാറി. പ്രലോഭനത്തിന്റെ കമ്പോള കങ്കാണിമാരുടെ കൂടുവിട്ട് കൂടു മാറ്റത്തിന്റെ ഇരയായ പെൺകുട്ടിയെ പ്രതി സംസ്കാരത്തിന്റെ മുദ്രാവാക്യങ്ങളാൽ ഉണർത്തി ലിംഗഭേദമില്ലാത്ത കാർഷിക കലാരൂപമായ കടമ്പൻമൂത്താനാക്കി മാറ്റുന്ന ജൈവബോധത്തിന്റ നായകനായി മന്ത്രി അരങ്ങിൽ പകർന്നാടി. എസ്.എൻ സുധീർ ആണ് ഓർഗാനിക് തിയറ്ററിന്റെ സംവിധായകൻ. കൃഷിഗാഥയ്ക്ക് സംഘബോധത്തിന്റെ ശക്തി പകരാൻ. പുതിയ കാർഷിക സാംസ്കാരിക വിനിമയത്തിനായി തന്റെ സ്വാഭാവിക ചലനങ്ങളും ഭാവ തലങ്ങളിലെ സൂക്ഷ്മതയും കാഴ്ചക്കാർക്ക് പുതിയൊരു അനുഭവവും ആവേശവും നൽകിക്കൊണ്ട് കഥാപാത്രത്തിലലിഞ്ഞുചേരുമ്പോൾ ചേർത്തലയുടെ കയ്യടിയേറ്റു വാങ്ങിക്കൊണ്ട് അദ്ദേഹം അരങ്ങുണർത്തുമ്പോൾ ഇനി കേരളം പറയും കാർഷിക സാംസ്കാരിക നവോത്ഥാനത്തിന്റെ പുതിയ രാഷ്ട്രീയം ചർച്ച രൂപപ്പെടേണ്ടത് മന്ത്രി പി പ്രസാദിന്റ ജൈവകലാശാലയിൽ നിന്നുമാണ്. ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിനിമോൾ സാംസണിന്റെ അദ്ധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്തു.

**പരിശീലന പരിപാടികൾ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സർവ്വകലാശാലയുടെ തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'ആസാദി കാ അമൃത് മഹോത്സവു'മായി ബന്ധപ്പെട്ട് ഇന്ന് (21.06.2022) രാവിലെ 10 മണിക്ക് **'മണ്ണിന്റെ ആരോഗ്യ പരിപാലനം, സന്തുലിത വളപ്രയോഗം'** എന്ന വിഷയത്തിൽ കൃഷി പാഠശാല സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ് .

6. അഗ്രി ക്ലിനിക്ക് ആന്റ് അഗ്രി ബിസിനസ്സ് സെന്റർ പദ്ധതിയുടെ ഭാഗമായി പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ **സംരംഭകത്വവും സ്വയംതൊഴിൽ അവസരങ്ങളും** എന്ന വിഷയത്തിൽ 45 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ നിന്നോ കേന്ദ്ര കാർഷിക സർവ്വകലാശാലയിൽ നിന്നോ ഭാരത സർക്കാരിന്റെ കൃഷി, കർഷക ക്ഷേമ, സഹകരണ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നോ കൃഷി ശാസ്ത്രത്തിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം. പരിസ്ഥിതി ശാസ്ത്രം, ബോട്ടണി, സുവോളജി, കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ/യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നിവയുടെ അംഗീകാരമുള്ള ബിരുദം. കൃഷി ശാസ്ത്രത്തിലോ അനുബന്ധ വിഷയങ്ങളിലോ ഡിപ്ലോമ അല്ലെങ്കിൽ പിജി ഡിപ്ലോമ. പഠന വിഷയത്തിന്റെ 60% ത്തിലധികം കൃഷി ശാസ്ത്രമായിട്ടുള്ളതും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതുമായ ബിരുദം. പ്ലസ് ടു തലത്തിൽ 55% ത്തിൽ കുറയാത്ത മാർക്കോടെയുള്ള കൃഷി ശാസ്ത്ര കോഴ്സ് എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് സംബന്ധിച്ച വിശദ വിവരങ്ങൾക്ക് http://acabcmis.gov.in എന്ന വെബ്സൈറ്റിലോ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം ഓഫീസോ സന്ദർശിക്കുക. അപേക്ഷകൾ ഓൺലൈനായി http://acabcmis.gov.in/ApplicantReg.aspx ൽ സമർപ്പിച്ചതിനുശേഷം **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി പി.ഒ., പാലക്കാട് ജില്ല, 679 306** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446239318** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നാളെ (ജൂൺ 22) **മുട്ടക്കോഴി വളർത്തലിൽ** എകദിന പരിശീലന സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0474-2537300** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് നാളെ (ജൂൺ 22) രാവിലെ 11 മണി മുതൽ **കന്നുകാലികളിലെ രോഗങ്ങളും നിവാരണ മാർഗങ്ങളും** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ ഇന്ന് വൈകുന്നേരം 5 മണി വരെ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **8075028868** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. സ്റ്റേറ്റ് ഫോഡർ ഫാമിന്റെ ആഭിമുഖ്യത്തിൽ ഈ മാസം **24,25** (ജൂൺ 24,25) തീയതികളിൽ **തീറ്റപ്പുൽ വിളകളും കൃഷിരീതികളും** എന്ന വിഷയത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ പേര്, മേൽവിലാസം, ഇ-മെയിൽ ഐഡി എന്നിവ **8078599881, 9400831831** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ, sfftraining2021@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് മെസേജ് നൽകിയോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ജൂൺ 22 മുതൽ 24 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **24,25 തീയതികളിൽ ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദ്ദേശങ്ങൾ**

12. ചെന്നീരൊലിപ്പ്, കൂമ്പുചീയൽ എന്നിവ തെങ്ങിനെ ബാധിക്കുന്ന കുമിൾ രോഗങ്ങളാണ്. ചെന്നീരൊലിപ്പ് ബാധിച്ച തെങ്ങിന് 5 കിലോഗ്രാം വീതം വേപ്പിൻ പിണ്ണാക്ക് ചേർക്കണം. കറ ഒലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി ഉരുക്കിയ ടാറോ, ബോർഡോ കുഴമ്പോ തേയ്ക്കുക. കാറ്റു വീഴ്ച ബാധിച്ച തെങ്ങിൻ തോട്ടങ്ങളിൽ കൂമ്പുചീയൽ രോഗവും സാധാരണ കാണാറുണ്ട്. നടുനാമ്പിന്റെ അഴുകിത്തുടങ്ങിയ ഭാഗം ചെത്തി മാറ്റി തീയിട്ട് നശിപ്പിക്കുക. പിന്നീട് ബോർഡോ കുഴമ്പ് പുരട്ടി വെള്ളം ഇറങ്ങാത്തവിധം മൺചട്ടികൊണ്ട് മൂടിവയ്ക്കുക. കൂടാതെ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രീതം തെങ്ങോലകളിൽ തളിച്ചു കൊടുക്കുകയും വേണം. വർഷത്തിൽ 10 തേങ്ങയിലും കുറവു ലഭിക്കുന്ന തെങ്ങുകളും സാരമായ രോഗബാധയുള്ള തെങ്ങുകളും വെട്ടിമാറ്റി നശിപ്പിച്ചതിനു ശേഷം രോഗപ്രതിരോധ ശേഷിയും അത്യുത്പാദനശേഷിയുമുള്ള ഇനങ്ങളുടെ തൈകൾ നടണം. ഈ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ 5 ഗ്രാം/ഒരു പായ്ക്കറ്റിൽ മൂന്നു വീതം ഒരു തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം